"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- ദുരന്ത സാധ്യതാമേഖലയിൽ നിന്നും ആളുകളെ മാറ്റിപാർപ്പിക്കുന്നതിനു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

G.O.(Rt)No.214/2026/DMD തീയതി,തിരുവനന്തപുരം, 13-05-2026

---

പരാമർശം:-
1. സ.ഉ(കൈ)നം.25/2019/ഡിഎംഡി, 23/08/2019
2. മുകുന്ദപുരം തഹസിൽദാരുടെ 27/01/2026 ലെ TLKMKM/3888/2025 H1 നമ്പർ കത്ത്
3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 05/02/2026 ലെ DCTSR/1475/2026-A13 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ ദുരന്ത സാധ്യതാമേഖലയിൽ താമസിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നതായും, വിദഗ്ധ സമിതി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദുരന്ത സാധ്യതാമേഖലയിൽ താമസിക്കുന്ന മുകുന്ദപുരം താലൂക്കിലെ പുത്തൻചിറ വില്ലേജിലുൾപ്പെട്ട ഒറവൻതുരുത്തി ശ്രീ.ജയപ്രകാശൻ എന്നവരെ വാസയോഗ്യമായ സ്ഥലത്തേക്ക് മാറ്റിത്താമസിപ്പിക്കുന്നതിനു തൃശ്ശൂർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകാരം നല്കിയിട്ടുള്ളതായും, പുനരധിവാസത്തിനായി അനുയോജ്യമായ ഭൂമി കണ്ടെത്തി ആധാരംചെയ്ത രേഖകളും, അപേക്ഷകന് കേരളത്തിൽ മറ്റെവിടേയും വാസയോഗ്യമായ ഭൂമി ഇല്ലെന്ന സാക്ഷ്യപത്രവും സഹിതം മുകുന്ദപുരം തഹസിൽദാർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ മുകുന്ദപുരം താലൂക്കിലെ പുത്തൻചിറ വില്ലേജിലുൾപ്പെട്ട ഒറവൻതുരുത്തി ശ്രീ.ജയപ്രകാശൻ എന്നവരെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ദുരന്ത സാധ്യത മേഖലയിൽ ആണ് എന്ന് ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി, വാസയോഗ്യമല്ലായെന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തുവാങ്ങി വീട് നിർമിക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത സാധ്യത മേഖലയിൽ ആണ് താമസിക്കുന്നതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ദ്ധ സംഘം കണ്ടെത്തിയ മുകുന്ദപുരം താലൂക്കിലെ പുത്തൻചിറ വില്ലേജിലുൾപ്പെട്ട ഒറവൻതുരുത്തി ശ്രീ.ജയപ്രകാശൻ എന്നവർക്ക് വസ്തുവാങ്ങി വീട് നിർമിക്കുന്നതിനു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
ADDITIONAL SECRETARY

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 13-05-2026 16:50:43**
സെക്ഷൻ ഓഫീസർ